ഉത്തരം

(എ) അന്യസംസ്ഥാന കവർ പാലുകൾ നേരത്തേ ഉണ്ടായിരുന്ന വിപണി നിലനിർത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി & സി) ചെക്ക് പോസ്റ്റുകളിലൂടെ അനധികൃതമായി കടത്തുന്ന പാല് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ഉദ്യോഗസ്ഥർ മാർക്കറ്റിൽ ലഭ്യമായ പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്തതും നിരോധനമേർപ്പെടുത്തിയിട്ടുള്ളതുമായ ബ്രാൻഡുകളുടെ വിപണനം നടക്കുന്നില്ല എന്ന് ഉറപ്പാക്കുന്നുമുണ്ട്.

ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

99 (5777) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ 2008-ന് ശേഷം എത്ര പുതിയ സംഘങ്ങൾ രൂപീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പന്തലായനി, മേലടി ബ്ലോക്കിന് കീഴിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കീഴരിയൂരിൽ പുതിയ സംഘം രൂപീകരിക്കുന്നതിന് മേലടി ബ്ലോക്ക് ക്ഷീരവികസന ഓഫീസിൽ അപേക്ഷ ലഭിച്ചിരുന്നോ എന്നും, എന്നാണ് അപേക്ഷ ലഭിച്ചതെന്നും, ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ എന്നും അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. വെള്ള പേപ്പറിൽ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട 25 ക്ഷീരകർഷകർ എങ്കിലും ഒപ്പിട്ട അപേക്ഷ (2 പകർപ്പ്) ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കണം.

2. ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട ബ്ലോക്കിലെ ക്ഷീരവികസന ഓഫീസർ വില്ലേജ് സർവ്വേ റിപ്പോർട്ട്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഏരിയ മാപ്പ്, മറ്റു ക്ഷീരസംഘങ്ങളുമായി അതിവ്യാപനമില്ല എന്ന സാക്ഷ്യപത്രം സഹിതം ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

3. ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശപ്രകാരം ക്ഷീരവികസന ഓഫീസർ നിർദ്ദിഷ്ട പരിധിയിലെ ക്ഷീരകർഷകരെ വിളിച്ച് ചേർത്ത് മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുകയും പ്രൊമോട്ടിംഗ് കമ്മിറ്റിയേയും ചീഫ് പ്രൊമോട്ടറേയും തെരഞ്ഞെടുക്കുകയും വേണം.

4. സംഘം രൂപീകരിക്കുന്നതിന് ഓഹരി പിരിക്കാൻ വേണ്ടി ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിക്ക് മിനിട്സ് തീരുമാനത്തിന്റെ കോപ്പി സഹിതം ചീഫ് പ്രൊമോട്ടർ അപേക്ഷിക്കണം.

5. രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന സംഘത്തിന്റെ കരട് നിയമാവലിയുടെയും പദ്ധതി റിപ്പോർട്ടിന്റെയും ഒരു കോപ്പി മേഖലാ യൂണിയന് നൽകേണ്ടതാണ്.

6. മേഖലാ യൂണിയന്റെ അഭിപ്രായം ആരായേണ്ടതാണ്.

7. സംഘം രജിസ്ട്രേഷനുള്ള രേഖകൾ ചീഫ് പ്രൊമോട്ടർ യഥാവിധി പൂരിപ്പിച്ച് ക്ഷീരവികസന ഓഫീസർ മുഖേന ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കണം.

(ബി) കോഴിക്കോട് ജില്ലയിൽ 2008-ന് ശേഷം ഇതുവരെ ഏഴ് (7) ക്ഷീരസഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(സി) പന്തലായനി ബ്ലോക്കിൽ പുതിയ സംഘം രൂപീകരിക്കാനായി (3) അപേക്ഷകളും മേലടി ബ്ലോക്കിൽ കീഴരിയൂരിൽ പുതിയ ക്ഷീരസംഘം രൂപീകരിക്കുന്നതിനുള്ള ഒരു അപേക്ഷയും ലഭിച്ചിട്ടുണ്ട്.

(ഡി) കീഴരിയൂർ പഞ്ചായത്തിലെ 1, 2 വാർഡുകളിൽ പുതിയ സംഘം രൂപീകരിക്കാനുള്ള അപേക്ഷ 21-10-2009-ന് ലഭിച്ചിരുന്നു. പ്രസ്തുത സംഘം രൂപീകരിക്കുന്നതിനെതിരെ നടുവത്തൂർ ക്ഷീരസംഘം സമർപ്പിച്ച പരാതിയെക്കുറിച്ച് പയ്യോളി ക്ഷീര വികസന ഓഫീസർ അന്വേഷിക്കുകയും ടി പരാതിയിലെ വാദമുഖങ്ങൾ ദുർബലമായതിനാൽ പുതിയ സംഘം രൂപീകരിക്കാനുള്ള അനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംഘം രൂപീകരണത്തിനായുള്ള വില്ലേജ് സർവ്വേ റിപ്പോർട്ട് സമർപ്പിക്കാൻ ക്ഷീരവികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നടുവത്തൂർ സംഘം പ്രസിഡന്റ് സമർപ്പിച്ച പുതിയ പരാതിയിൽ നിർദ്ദിഷ്ട സംഘം രൂപീകരിക്കാൻ സമർപ്പിക്കപ്പെട്ട അപേക്ഷയിൽ ഒപ്പിട്ട 16 ആളുകൾ നടുവത്തൂർ സംഘത്തിലെ മെമ്പർമാരാണ് എന്ന് പറഞ്ഞിരിക്കുന്നു. ഒരു സംഘത്തിൽ നിലവിലുള്ള അംഗങ്ങൾക്ക് പുതിയ സംഘം രൂപീകരിക്കാൻ അപേക്ഷിക്കാൻ നിലവിൽ വ്യവസ്ഥയില്ല. പ്രസ്തുത പരാതിയുടെ നിജസ്ഥിതി അന്വേഷിച്ച് അറിയിക്കാൻ ക്ഷീരവികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly